സംയോജിത ചെക്ക്പോസ്റ്റുകളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധനാ സമയം ഗണ്യമായി കുറയ്ക്കുവാനും ആയതിനെത്തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാദ്ധ്യമാവുകയും ചെയ്യും.

(സി) വാണിജ്യനികുതി, മോട്ടോർ വാഹന, എക്സൈസ് എന്നീ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളാണ് നിലവിൽ സംയോജിത ചെക്ക്പോസ്റ്റുകളിൽ പ്രവർത്തിക്കുന്നത്.

(ഡി) സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്. കൂടാതെ മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, ആര്യങ്കാവ്, വഴിക്കടവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെ സംയോജിത ചെക്ക്പോസ്റ്റുകളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാന ധന ഉത്തരവാദിത്ത നിയമം

12(*191) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധന ഉത്തരവാദിത്ത നിയമപ്രകാരം ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ ലക്ഷ്യങ്ങൾ നേടാനായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 13-ാം ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.

ഇതേ ആക്ട് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14-ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2014 മാർച്ച് 31-ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉത്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.

അതുപോലെതന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1-ന് ആരംഭിച്ച് 2015 മാർച്ച് 31-ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉത്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.

(ബി) 13-ാം ധനകാര്യകമ്മീഷൻ ശിപാർശയനുസരിച്ചുള്ള 2011-ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി) നിമയത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ (കടബാധ്യത - ജി.എസ്.ഡി.പി.-യുടെ അനുപാത ലക്ഷ്യങ്ങൾ (Debt-GSDP) ഒഴികെ) നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ചാ നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്.

(സി) 2011-ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

- നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗരറ്റ് എന്നിവയിൻമേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്.

- പെട്രോളിയം ഉത്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

- ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

- നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിൻമേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

- ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവ സമാഹരണ നിർദ്ദേശങ്ങൾ കൂടൊത ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20 ശതമാനം കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

- 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

- മുപ്പതിനായിരത്തോളം താത്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.
- ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽനിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി.
- സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ.(പി) നമ്പർ 515/13/ധന., 28-11-2013-ലെ സ.ഉ.(പി) നമ്പർ 580/13/ധന. എന്നീ ഉത്തരവുകൾവഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും

13(*192) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡേറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്;

(ഡി) ഉപഭോക്താക്കൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly